(ഡി) ഇതേ കാലയളവിൽ മണ്ഡലങ്ങളിലെ വസതികളിൽ സ്ഥാപിച്ചിട്ടുള്ള ടെലഫോൺ ഇനത്തിൽ ചെലവഴിച്ചിട്ടുള്ള തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ഇ) 2005 ജനുവരി 1-ന് ശേഷം സംസ്ഥാന മന്ത്രിസഭയിലെ ഓരോ അംഗവും ടെലഫോൺ ചാർജ്ജ് ഇനത്തിൽ ചെലവഴിച്ച തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിട്ടുണ്ട്†.

(ബി) അനുബന്ധം II ആയി ചേർത്തിട്ടുണ്ട്†.

(സി) അനുബന്ധം III ആയി ചേർത്തിട്ടുണ്ട്†.

(ഡി) അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്†.

(ഇ) അനുബന്ധം V ആയി ചേർത്തിട്ടുണ്ട്†.

മുഖ്യമന്ത്രി ഉൾപ്പെടെ മന്ത്രിമാർക്കായി വിവിധ ഇനങ്ങളിൽ ചെലവായ തുക

79 [18] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരുടെയും വിമാനയാത്രാ ചെലവ്, ലാന്റ് ഫോൺ ചാർജ്ജ്, മൊബൈൽ ഫോൺ ചാർജ്ജ്, അതിഥി സത്ക്കാരം, യാത്രാപ്പടി, വീട് മോടിപിടിപ്പിക്കൽ എന്നീ ഇനങ്ങളിൽ ഓരോരുത്തർക്കും വേണ്ടി ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അനുബന്ധം ഒന്നിൽ രേഖപ്പെടുത്തിയിരിക്കുന്നു†.

മന്ത്രിമാരുടേയും ഉദ്യോഗസ്ഥരുടേയും വിദേശയാത്രാ ചെലവ്

80 [19] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ മന്ത്രിസഭയിലെ ഏതെല്ലാം അംഗങ്ങൾ വിദേശയാത്ര നടത്തിയിട്ടുണ്ട്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly